(എ) 1997 ജനുവരി മുതൽ 1998 ആഗസ്റ്റ് 16 വരെ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലും, സ്ഥാപനങ്ങളിലും താല്ക്കാലികാടി സ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ ആവശ്യം ഉന്നയിച്ച് താല്ക്കാലിക ജീവനക്കാരുടെ സംഘടന സെക്രട്ടേറിയറ്റ് നടയിൽ സമരം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭാരതത്തിന്റെ സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വികലാംഗരായ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ മാനദണ്ഡം ഇവർക്കുകൂടി ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇവരിൽ പ്രായപരിധി കഴിഞ്ഞ വിധവകൾ, പിന്നോക്കസമുദായംഗങ്ങൾ എന്നിവരെ സ്ഥിരപ്പെടുത്തുന്നതിന് പ്രാമുഖ്യം നൽകുമോ;

(ഇ) പി.എസ്.സി.ക്ക് വിട്ടിട്ടില്ലാത്ത ഒഴിവുകളിൽ (ഹെൽത്ത്, വാട്ടർ അതോറിറ്റി, ക്ഷേമനിധി) ബോർഡുകൾ എന്നിവയിലെ ഫുൾടൈം/പാർട്ട് ടൈം ഒഴിവുകൾ) ഇവരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) ഉദ്ദേശമില്ല.

(ഡി,ഇ) ഉദ്ദേശമില്ല.

18(21) നിയമനം ലഭിച്ചവർ

ശ്രീ. എൻ.കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ തസ്തികകളിൽ എത്ര പേർക്ക് സ്ഥിരം നിയമനത്തിന് പി.എസ്.സി. വഴി അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലഘട്ടത്തിൽ എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000 നവംബർ 30 വരെ 96954 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(ബി) 2000 മെയ് വരെ 78487 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

19(22) പി.എസ്.സി. റാങ്ക് ലിസ്റ്റ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകൾക്ക് ഏതെല്ലാം ജില്ലകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്; ഇതിന്റെ കാലാവധി എത്ര വർഷത്തേയ്ക്കാണ്;

(ബി) ഈ ഒഴിവുകളിലേയ്ക്ക് എന്നാണ് പി.എസ്.സി. നോട്ടിഫിക്കേഷൻ നൽകിയത്; അപ്പോൾ ഓരോ ജില്ലയിലും എത്ര വേക്കൻസികൾ വീതമുണ്ടായിരുന്നു;

(സി) ഡിപ്പാർട്ടുമെന്റുകളിൽ ഒഴിവു വരുന്ന മുറയ്ക്ക് പി.എസ്.സി.യ്ക്ക് വേക്കൻസി റിപ്പോർട്ട് ചെയ്യണമെന്ന് പുതിയ നിയമമുണ്ടോ; ഇതനുസരിച്ച് ഏതെല്ലാം ഡിപ്പാർട്ടുമെന്റുകൾ പി.എസ്.സി. യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം ഡിപ്പാർട്ട്മെന്റുകളിൽ താല്ക്കാലികമായും, നേരിട്ടും നിയമിച്ച ഉദ്യോഗാർത്ഥികൾ ക്ലറിക്കൽ തസ്തികകളിൽ ജോലി നോക്കുന്നുണ്ട്;

(ഇ) വേക്കൻസികൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാതെ നേരിട്ടും എംപ്ലോയ്മെന്റും വഴി ക്ലറിക്കൽ തസ്തികകളിൽ നിയമനം നടത്തിയ ഡിപ്പാർട്ട്മെന്റ് മേധാവികളുടെ മേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) പി.എസ്.സി.യിലെ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ ലിസ്റ്റിൽ നിന്നും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ സമാന തസ്തികകൾക്ക് നിയമനം നടത്താമെന്ന് പി.എസ്.സി. തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്താണ് തീരുമാനമെടുത്തത്; ഇതനുസരിച്ച് ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് നിയമനം നടത്തിയെന്ന് വിശദമാക്കാമോ;

(ജി) നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി കഴിയുന്നതിനു മുൻപ് തന്നെ ലിസ്റ്റിലുള്ളവരെ നിയമിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയ്ക്ക് കണ്ണൂർ, കോഴിക്കോട്, ഇടുക്കി ഒഴികെ ബാക്കി എല്ലാ ജില്ലകളിലും റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ കുറഞ്ഞത് ഒരു വർഷത്തേയ്ക്കോ പരമാവധി 3 വർഷത്തേയ്ക്കോ ആണ് റാങ്ക് ലിസ്റ്റിന്റെ കാലാവധി. എന്നാൽ കുറഞ്ഞ കാലാവധിയായ ഒരു വർഷത്തിനുശേഷം ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ നിലവിലുള്ള ലിസ്റ്റിന്റെ പ്രാബല്യം ഇല്ലാതാകുന്നതാണ്.

(ബി) എൽ.ഡി.സി. (വിവിധ വകുപ്പുകൾ) തസ്തികയുടെ തെരഞ്ഞെടുപ്പിനു വേണ്ടി 19.11.1996 ലാണ് കമ്മീഷൻ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചത്. എല്ലാ ജില്ലകളിലേയ്ക്കും ഒഴിവുകൾ കണക്കാക്കപ്പെട്ടിട്ടില്ല എന്നാണ് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയത്.

(സി) ഡിപ്പാർട്ട്മെന്റുകളിൽ ഒഴിവു വരുന്ന മുറയ്ക്ക് പി.എസ്.സി.യ്ക്ക് പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ ഇക്കാര്യം ആവർത്തിച്ച് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടു വരികയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് വിവിധ വകുപ്പുകൾ പി.എസ്.സി.യ്ക്കു റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, ലിസ്റ്റ് നില

LIBRARY ARCHIVES Kerala Legislative Assembly

വിൽ വന്ന തീയതി, നിയമന ശുപാർശ നൽകിയവരുടെ എണ്ണം എന്നിവ ജില്ലതിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

ജില്ല	ലിസ്റ്റ്നിലവിൽ വന്ന തീയതി	റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ	നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികളുടെ എണ്ണം
തിരുവനന്തപുരം	13.12.2000	448	398
കൊല്ലം	16.5.2000	251	215
പത്തനംതിട്ട	22.10.1999	251	229
ആലപ്പുഴ	18.4.2000	304	302
കോട്ടയം	22.10.1999	360	342
എറണാകുളം	7.6.2000	452	228
തൃശൂർ	2.5.2000	274	269
പാലക്കാട്	19.5.2000	545	338
മലപ്പുറം	21.6.2000	585	419
വയനാട്	22.10.1999	230	230
കാസർഗോഡ്	22.10.1999	259	259
കണ്ണൂർ	ലിസ്റ്റ് നിലവിൽ വന്നിട്ടില്ല	228	-
കോഴിക്കോട്	"	252	-
ഇടുക്കി	"	136	-

ചില ജില്ലകളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ബാക്കിയുള്ളവർക്ക് നിയമന ശുപാർശ നൽകാനുള്ള സത്വരനടപടികൾ സ്വീകരിച്ചു വരുന്നു. അവസാനം പറഞ്ഞിരിയ്ക്കുന്ന 3 ജില്ലകളിലെ റാങ്ക് ലിസ്റ്റ് താമസംവിനാ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ എടുത്തു വരുന്നു. ലിസ്റ്റ് നിലവിൽ വന്നാലുടൻ പ്രസ്തുത ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് നിയമന ശുപാർശ നടത്തുന്നതാണ്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) വിവിധ വകുപ്പുകളിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്ന് വാട്ടർ അതോറിറ്റിയിലെ എൽ.ഡി.സി. തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് മാത്രം ഉദ്യോഗാർത്ഥികളുടെ സമ്മതപത്രം വാങ്ങിയതിനു ശേഷം നിയമനശുപാർശ നൽകുന്നുണ്ട്. ഇക്കാര്യത്തിൽ 1991 ലാണ് കമ്മീഷൻ തീരുമാനമെടുത്തത്.

(ജി) ഒഴിവുകൾ അപ്പോൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നിയമനഅധികാരികൾക്കും വകുപ്പുമേധാവികൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി കഴിയുന്നതിനു മുൻപ് റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ ഒഴിവുകളിലേക്കും നിയമനശുപാർശ നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly